# പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കരുത്: തപൻ സെൻ

● സ്വന്തം ലേഖകൻ

**ന്യൂഡൽഹി** > ബിഎസ്എൻഎൽ ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളെ കൂട്ടത്തോടെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് സിപിഐ എം അംഗം തപൻ സെൻ രാജ്യസഭയിൽ ആവശ്യപ്പെട്ടു. ദേശീയ താൽപ്പര്യം അൽപ്പമെങ്കിലും കാത്തുസൂക്ഷിക്കുന്നവർക്ക് എങ്ങനെയാണ് ബിഎസ്എൻഎൽ പോലൊരു സ്ഥാപനം സ്വകാര്യവൽക്കരിക്കാൻ കഴിയുകയെന്ന് തപൻ സെൻ ശൂന്യവേളയിൽ ആരാഞ്ഞു. സ്വകാര്യ കമ്പനികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ആഗ്രഹിക്കുന്നവരാണ് ഇതിന് പിന്നിലെന്നും സെൻ കുറ്റപ്പെടുത്തി.

ബിഎസ്എൻഎൽ ഉൾപ്പെടെ 74 പൊതുമേഖല സ്ഥാപനങ്ങളെ വിറ്റഴിക്കാനാണ് നിതി ആയോഗ് ശുപാർശ. പ്രതിരോധ മേഖലയ്ക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന മഹാരത്ന സ്ഥാപനമായ ബിഇഎംഎൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പട്ടികയിൽ ഉൾപ്പെടും. പ്രതിരോധ മേഖലയിലെ മറ്റ് പൊതുമേഖല സ്ഥാപനങ്ങളായ ബിഡിഎൽ, ബിഇഎൽ, മിദാനി തുടങ്ങിയവരെ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യാൻ പ്രതിരോധ മന്ത്രാലയം തിരക്കിട്ട് നീക്കങ്ങൾ നടത്തുകയാണ്.

മരുന്നു നിർമാണക്കമ്പനികൾ, ഉരുക്കുമേഖലയിലുള്ള അലോയ് സ്റ്റീൽ പ്ലാന്റ്, സേലം സ്റ്റീൽ പ്ലാന്റ്, മഹാരത്ന സ്ഥാപനമായ സെയിലിന് കീഴിലുള്ള വിഐഎസ്എൽ തുടങ്ങിയ സ്ഥാപനങ്ങളും വിറ്റഴിക്കുകയാണ്. പൊതുമേഖലകൾ സ്വകാര്യവൽക്കരിക്കുന്നതോടെ എസ്‌സി- എസ്ടികൾക്ക് ലഭിക്കുന്ന സംവരണം ഉൾപ്പെടെ നഷ്ടമാകും. കോർപറേറ്റ് സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഇല്ലാതാകും- തപൻ സെൻ ചൂണ്ടിക്കാട്ടി. ബിജെപി ഒഴികെ മറ്റു കക്ഷികളിലെ അംഗങ്ങൾ ആവശ്യത്തെ പിന്തുണച്ചു.

● ബിഎസ്എൻഎൽ ഉൾപ്പെടെ 74 പൊതുമേഖല സ്ഥാപനങ്ങളെ വിറ്റഴിക്കാനാണ് നിതി ആയോഗ് ശുപാർശ ചെയ്തത്